ഒരു വീഡിയോ സ്വപ്നം

ഇ. ഹരികുമാർ



ഒരു വീഡിയോ സ്വപ്നം

ഇ. ഹരികുമാർ
(മലയാളം: ചെറുകഥ)

© 2026, E. Harikumar

The electronic versions have been created by making use of the production infrastructure of River Valley Technologies.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020 and the cloud framework, Ithal (ഇതൾ). The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

The electronic versions are released under the provisions of Creative Commons Attribution Non-commercial ShareAlike license for free download and usage.

In the Mountains, a painting by Albert Bierstadt (1830–1902). The image is taken from Wikimedia Commons and is gratefully acknowledged.

Sayahna Foundation
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

ഒരു വീഡിയോ സ്വപ്നം

ഡാൻസ്ഫ്ളോറിൽ സൈക്കഡെലിക് വെളിച്ചം മിന്നിക്കൊണ്ടിരുന്നു. കോറിയോഗ്രാഫർ സ്റ്റെപ്പുകൾ കാണിച്ചുതരികയാണ്. നീളമുള്ള മഞ്ഞ ജൂബയുടെ ഉള്ളിൽ അയാളുടെ മെലിഞ്ഞ ദേഹം ഉലഞ്ഞാടി. സംഗീതം ഉച്ചത്തിൽ അലയടിക്കുകയാണ്. ഇത്ര ഉറക്കെ വെക്കേണ്ട ആവശ്യമില്ല. കാരണം ശബ്ദസങ്കലനം പിന്നീട് സ്റ്റുഡിയോവിൽ വച്ച് ചെയ്യുകയേ ഉള്ളൂ. പക്ഷേ, അവർ ശബ്ദം കറച്ചില്ല.

'മനസ്സിലായോ?' വേല്പസ്വാമി തമിഴ് ചുവയിൽ ചോദിച്ചു.

രമ്യ തലയാട്ടി. അവൾക്ക് ധരിച്ചിരിക്കുന്ന വസ്ത്രത്തിൽ വളരെ അസ്വാസ്യം തോന്നിയിരുന്നു. വസ്ത്രമെന്ന് പറയാനൊന്നുമില്ല. സിൽക്കിന്റെ ഒരു ഷെഡ്ഡി. പൂക്കളുള്ള മുലക്കച്ച. രണ്ടിലും ഗിൽട്ട് തകിടുകൾ ഇങ്ങിക്കിടക്കുന്നു. വേല്പസ്വാമിയുടെ പുകന്ന കണ്ണുകൾ അവളുടെ മാംസളതയിൽ കടുങ്ങിക്കിടന്നു. അതിൽ വലിയ കഴപ്പുമില്ല. പക്ഷേ, അയാളമൊത്തുള്ള പരിശീലനങ്ങളാണ് ദുസ്സഹം. ഒരു ചുവട് കാണിച്ചുതന്നാൽ അയാൾ പറയും, 'വത്ത്'. പിന്നെ അയാളുടെ വക അഭ്യാസങ്ങളാണ്. ദേഹത്തോട് ഒട്ടിനിന്നുകൊണ്ട് അയാൾ ചുവടുകൾ വയ്ക്കും. അയാളുടെ ആർത്തിപിടിച്ച കൈകൾ അവളുടെ ദേഹത്തിന്റെ വളവുകളിൽ അറിയാത്ത ഭാവത്തിൽ അമരും. ചുറ്റും ആൾക്കാരുള്ളതും അവർ അർത്ഥംവച്ച് ചിരിക്കുന്നതും അയാൾക്ക് വിഷമമുണ്ടാക്കുന്നില്ല. കിട്ടുന്ന അവസരം പാഴാക്കരുതല്ലോ. ഒന്നോ രണ്ടോ വട്ടം പരിശീലിച്ചാൽ ടേക്ക് ഇടങ്ങുകയായി. വിളക്കുകൾ പ്രകാശിക്കും, കാമറകൾ പ്രവർത്തിപ്പിക്കും.

'സോങ് നമ്പർ ത്രീ, സീൻ ഫൈവ്, ടേക്ക് വൺ...'

മേക്കപ്മാൻ മര്യാദക്കാരനായിരുന്നു. അയാൾ ഒരു കലാകാരനാണ്. മുമ്പിലിരിക്കുന്ന സ്ത്രീശരീരം അയാൾക്ക് പണിതീർന്ന ശില്പം മാത്രമാണ്. ഒരു ഷോട്ട് കഴിഞ്ഞ് അവൾ കസേരയിൽ ചെന്നിരുന്നാൽ അയാൾ തന്റെ കിറ്റുമായി ഓടിവരും, വിയർപ്പുതുള്ളികൾ മൃദുവായി ഒപ്പിക്കൊടുക്കും. മുഖത്ത് പൗഡറിടും. തന്റെ കലാവസ്തുവെ നിത്യപണബുദ്ധിയോടെ നോക്കിക്കാണും. അതുകഴിഞ്ഞ് അയാൾ മറ്റുള്ള നർത്തകികളുടെ അടുത്തുചെന്ന് ചോർന്നുപോയ മുഖസൗന്ദര്യം പുനഃസ്ഥാപിക്കും.

അവർ എക്സ്ട്രാ നർത്തകികളാണ്. തനിക്കുചുറ്റും താളത്തിന്റെ, ലയത്തിന്റെ ഭാവങ്ങൾ തുടിക്കുമ്പോൾ അവർ ചെയ്യുന്നതു്. ആ പാവങ്ങളോട് രമ്യക്ക് സഹതാപം തോന്നി. മുഖമില്ലാത്ത പെൺകുട്ടികൾ. അഴകുള്ള ദേഹത്തിന്റെ നഗ്നചാരുതമാത്രമേ വീഡിയോവിൽ ആവശ്യമുള്ളൂ. പശ്ചാത്തലത്തിൽ നിഴലായിമാത്രം വർത്തിക്കുന്ന അവരുടെ മുഖം പ്രസക്തമല്ല. മുഖം ശ്രദ്ധിക്കപ്പെടുന്നില്ല. അവരിൽ രണ്ടുപേർ തന്നെപ്പോലെത്തന്നെ ഭരതനാട്യവും മോഹിനിയാട്ടവും പഠിച്ചതാണ്. ഭരതമുനിയുടെ ചുവടുകൾക്ക് ഇവിടെ പക്ഷേ, പ്രസക്തിയില്ല. സ്വിക്റിലൂടെ വന്നുന്ന സംഗീതം സ്പൈസ് ഗേൾസിന്റെ പാട്ടുകളുടെ കോപ്പിയാണ്. വാക്കുകൾ മാത്രം മലയാളത്തിൽ.

ചായക്കുള്ള ഇടവേള. ടോണിയുടെ മുഖത്ത് എപ്പോഴും പുഞ്ചിരിയുണ്ടാവും.

'വിഷമമൊന്നുമില്ലല്ലോ?' അയാൾ ചോദിച്ചു. ഒരു നിർമ്മമാതാവിന്റെ ഭാവമൊന്നുമില്ല. സൗഹൃദം മാത്രം. 'വിജയത്തിനു നമ്മൾ നല്ലവണ്ണം അദ്ധ്വാനിക്കണം.' അയാൾ ആദ്യമേ പറഞ്ഞിരുന്നു. 'നമുക്കിഷ്ടമില്ലാത്തതും സംഭവിച്ചെന്നു വരും. ഒരു വീഡിയോ കാണുമ്പോൾ ആരും അതിനെ പിന്നിലെ അദ്ധ്വാനത്തെപ്പറ്റി ഓർക്കാറില്ല.'

സ്റ്റിൽ കാമറാമാൻ ജോസഫ് അടുത്തുള്ള കസേരയിൽ വന്നിരുന്ന് ക്ലിക്ചെയ്യുകൊണ്ടിരുന്നു.

'പബ്ലിസിറ്റിക്കു വേണ്ടിയാണ്.' ടോണി പറഞ്ഞു. 'ആദ്യത്തെ കാസ്റ്റല്ലെ. ഹിറ്റാവണം.' ഈ ചിത്രങ്ങൾ ഇനി വാരികകളിലും വർത്തമാനപത്രങ്ങളിലും വരുമെന്നോർത്തപ്പോൾ രമ്യക്ക് വിഷമം തോന്നി. ചായക്ക് വന്നിരുന്നപ്പോൾ ഒരു ചൂരിദാർ ഇടാമായിരുന്നേ. കോറിയോഗ്രാഫർ പറഞ്ഞത് ഈ വേഷംതന്നെ മതിയെന്ന്. കച്ചവടക്കണ്ണ്. ടോണി നല്ലൊരു കച്ചവടക്കാരനായിരുന്നു. മാന്യനായ കച്ചവടക്കാരൻ. അണ്ഡകൊല്ലത്തേയുള്ളു കോൺട്രാക്ട് ഒപ്പിട്ടുവിച്ചപ്പോൾ പറഞ്ഞ നിബന്ധന ഇതു മാത്രം.

'ഈ അഞ്ചു കൊല്ലം മറ്റുള്ള പ്രൊഡ്യൂസർമാരുടെ കാസ്റ്റുകൾ ചെയ്യരുത്. ഞാനാണ് രമ്യയെ പ്രൊമോട്ട് ചെയ്യുന്നത്. എല്ലാ പബ്ലിസിറ്റിയും ഞാൻ ചെയ്യും. രമ്യ ഒരു തെന്നിന്ത്യൻ മഡോണയാവും. അതു ഞാൻ ഗാരണ്ടി ചെയ്യാം. പ്രതിഫലത്തെപ്പറ്റി ഒട്ടും ആശങ്ക വേണ്ട. രമ്യക്കെന്നെ അറിയാമല്ലോ.'

രമ്യയുടെ മൂന്നു ഓഡിയോകാസ്റ്റുകൾ ഇറക്കിയല്ലോ ടോണിയായിരുന്നു. മൂന്നു കാസ്റ്റുകളും മാർക്കറ്റിൽ നന്നായി പോയി. രണ്ടു കാസറ്റുകൾ സിഡിയിലാക്കിയപ്പോഴും അയാൾ വേറെ പ്രതിഫലം തന്നു. സാധാരണ അതൊന്നും പതിവില്ല. പ്രതിക്ഷിച്ചതിലധികം പ്രതിഫലം തന്നിരുന്നു അയാളെ തീർച്ചയായും വിശ്വസിക്കാം.

ഇതു അഞ്ചാം ദിവസമാണ്. കഠിനാദ്ധ്വാനത്തിന്റെ അഞ്ചുദിവസങ്ങൾ. രാവിലെ ഒമ്പതുമണിക്ക് തുടങ്ങിയാൽ രാത്രി എട്ടുമണിവരെ, ചായക്കും ഉച്ചഭക്ഷണത്തിനുമുള്ള കറച്ച സമയമൊഴികെ ഷൂട്ടിങ്ങാണ്. മൂന്നാമത്തെ പാട്ട് കഴിയാറായി. ഇനിയും അഞ്ചു പാട്ടുകൾകൂടിയുണ്ട്. അതുകഴിഞ്ഞാൽ പബ്ലിസിറ്റിയ്ക്കുവേണ്ടിയുള്ള ഇന്റർവ്യൂകൾ. ഇന്റർവ്യൂകൾ പാട്ടുകളുടെ ഷൂട്ടിങ്ങിനിടയിലും നടക്കാനുണ്ട്. ചോദ്യങ്ങൾ കാള്ള ഉത്തരം ടോണിയുടെ പബ്ലിസിറ്റി ഓഫീസർ വിനോദാണ് തയ്യാറാക്കുന്നത്. മുമ്പിലുള്ള മോണിറ്ററിൽനോക്കി അതു പറയുകയേ വേണ്ടു. എല്ലാം വളരെ കണിശമായി, ഭംഗിയായി ഏർപ്പാടു ചെയ്തിരിക്കുന്നു. ഒരു വിഡിയോതരത്തെ സൃഷ്ടിക്കുകയാണ് ടോണി ചെയ്യുന്നത്. വലിയ ഒച്ചപ്പാടോടെ, ശ്രദ്ധിക്കപ്പെടാൻ മാത്രം വർണശബളമായി.

രാത്രി ഉറങ്ങാൻ കിടക്കുമ്പോൾ അവൾ ആലോചിക്കുന്നു. ഇതൊക്കെ ശരിക്കും ഉള്ളതാണോ. ഒരു മാസം മുമ്പവരെ അവൾ വെറുമൊരു പാട്ടുകാരിയായിരുന്നു. ഗാനമേളകൾക്കും സ്റ്റുഡിയോവിലെ റിക്കാർഡിങ് സെഷനുകൾക്കുമിടയിൽ പരിമിതമായ വിജയത്തിന്റെ ചെററിയിൽ മയങ്ങിക്കിടന്ന ഒരു ഗായിക. ഇന്നിതാ താനൊരു വീഡിയോതാരമാകാൻ പോകുന്നു. ഒരു മാസത്തിനുള്ളിൽ തന്റെ ആദ്യത്തെ വീഡിയോ കാസറ്റ് പുറത്തിറങ്ങും. അടുത്ത ആഴ്ചതൽ അതിന്റെ പബ്ലിസിറ്റിയും തുടങ്ങും. ചാനലുകളിൽ ഇന്റർവ്യൂ, മാസികകളിൽ ഇന്റർവ്യൂവും റിപ്പോർട്ടുകളും. വർത്തമാനപത്രങ്ങളിൽ വാർത്തകൾ. കാസറ്റ് പുറത്തിറങ്ങുമ്പോഴേയ്ക്കു് രമ്യയെന്ന വീഡിയോതാരം ഒരു ഹരമായിമാറിയിട്ടുണ്ടാവും.

നർത്തകികളിൽ രണ്ടുപേർ അടുത്തുള്ള കട്ടിലിൽ കിടക്കുകയാണ്. അവർ ദൂരെനിന്ന വരുന്നവരാണ്. മറ്റു നാലുപേർ ഷൂട്ടിങ് കഴിഞ്ഞാൽ അവരവരുടെ വീട്ടിലേയ്ക്കു പോകും. കറേപേരെ ഇന്റർവ്യൂ കഴിച്ചശേഷമാണ് ഈ ആറു പേരെ തെരഞ്ഞെടുത്തത്. ഒരു വലിയ ഭാഗ്യമായിട്ടാണ് അവരതു കരുതുന്നത്. വീഡിയോവിൽ മുഖം കാണിക്കുന്നതുതന്നെ വലിയൊരു ഭാഗ്യമാണ്. പക്ഷേ, അവരുടെ മുഖം കാണുന്നില്ലെന്നാണ് സങ്കടം. ഊന്നൽ അവരുടെ നഗ്നദേഹത്തിനാണ്. രമ്യക്കവരോട് അനുകമ തോന്നി. നല്ല പെൺകുട്ടികൾ. നല്ല ദേഹം. തന്നെക്കാൾ ഭംഗിയുണ്ടവർക്ക്. തന്നേക്കാൾ നന്നായി നൃത്തം ചെയ്യുന്നുണ്ട്. പക്ഷേ, അവർ പിന്നിലേ വരുന്നുള്ളൂ.

'ചേച്ചീടെ പാട്ടുകള് നല്ല രസംണ്ട് കേൾക്കാൻ.' ദീപ പറഞ്ഞു. അവൾ രാധികയെ കെട്ടിപ്പിടിച്ചുകൊണ്ട് കിടക്കുകയാണ്. രാത്രിമുഴുവനും അങ്ങിനെയാണ് കിടക്കുക. ആദ്യത്തെ ദിവസം കിടക്കാൻ നേരത്ത് ദീപയാണ് പറഞ്ഞത്. 'ചേച്ചി ആ കട്ടിലിൽ കിടന്നാകൊള്ളൂ. ഞങ്ങൾ രണ്ടുപേരംകൂടി ഈ കട്ടിലിൽ കിടക്കാം.' അതിൽ ബഹുമാനമുണ്ടായിരുന്നു, അംഗീകാരവും. തങ്ങളേക്കാൾ വലിയ ഒരാൾ എന്ന അംഗീകാരം. കട്ടിലുകൾ അടുപ്പിച്ചിട്ട് മൂന്നുപേർക്കും ഒപ്പം കിടക്കാമെന്നു പറയാമായിരുന്നു. പക്ഷേ, അവരുടെ അത്രതന്നെ പ്രായമായിട്ടേയുള്ളവരെങ്കിലും താൻ വ്യത്യസ്തയാണെന്ന ബോധം, അവർ സ്വയം അംഗീകരിച്ചതന്ന ഉയരം അവളെ അതിൽനിന്നും തുടക്കി. ഇടയ്ക്ക് ഉണരുമ്പോൾ രമ്യ അവർ കിടക്കുന്നതു നോക്കാറുണ്ട്, അവരുടെ അടുത്തുചെന്ന് അവർ കിടക്കുന്നതുപോലെ കെട്ടിപ്പിടിച്ച് കിടക്കാൻ കൊതിയോടെ; തനിക്കൊരിക്കലും അതു ചെയ്യാൻ കഴിയില്ലെന്ന അറിവോടെ. താൻ അവരിൽനിന്നെല്ലാം ഉയർന്നിട്ടാണെന്ന അറിവ് ഉട്ടംതോറും അവൾ കൂടുതൽ ഏകാകിയാവുകയായിരുന്നു, ദുഃഖിതയും.

'ഇന്നത്തെ പാട്ട് നല്ല രസംണ്ടായിരുന്നു.' രാധികയും പറഞ്ഞു.

ഇപ്പോൾ ചിത്രികരണം നടത്തുന്ന പാട്ടുകളെപ്പറ്റിയാണ് അവർ പറയുന്നത്. മുമ്പിറക്കിയ ലയാത്മകമായ ഗാനങ്ങൾ അവർ കേട്ടിട്ടില്ല. ഒരെണ്ണം ഗ്രമവായുപ്പെന്ന് സ്വതിയാണ്, ഒരെണ്ണം കുസ്വീയത്തിഗാനമുണ്ട്. മൂന്നാമത്തേത് ലളിതഗാനങ്ങളാണ്. ആ ഗാനങ്ങളിൽ കവിതയുണ്ട്. പാട്ടുമ്പോൾ നമുക്കമുമിൽ ബിംബങ്ങൾ വന്ന് നൃത്തം ചെയ്യുന്നു. ഇപ്പോൾ ചിത്രീകരിക്കുന്ന പാട്ടുകൾ വെറും അനുകരണങ്ങൾ മാത്രമാണ്. അതിൽ കവിതയില്ല, ബിംബങ്ങളില്ല, വെറും വാക്കുകൾ മാത്രം, കടം വാങ്ങിയ സംഗീതം മാത്രം.

അവൾ അച്ഛനെ ഓർത്തു. കട്ടിയായിരിക്കുമ്പോൾ തന്റെ കൈപിടിച്ച് എല്ലാ ഞായറാഴ്ചകളിലും നാരായണഭാഗവതരുടെ വീട്ടിലേയ്ക്കു കൊണ്ടുപോകാറുള്ളതു്. ഭാഗവതർ ഉമ്മറത്തിരുന്ന് കട്ടികളെ പാട്ടുപഠിപ്പിക്കുമ്പോൾ അച്ഛൻ പറമ്പിൽ ചുറ്റിനടക്കും. കൈയ്യിൽ വീട്ടിന്റെ പുറകവശത്തുനിന്ന് എടുത്തുകൊണ്ടുവന്ന കൈക്കോട്ടുമുണ്ടാവും. അതുകൊണ്ട് എന്തെങ്കിലും കിളക്കുകയോ, ചപ്പക്കറികൾക്ക് തടമുണ്ടാക്കിക്കൊടുക്കുകയോ ചെയ്യും. കടന്നുത്തു് കളത്തിൽനിന്ന് വെള്ളം കോരിക്കൊണ്ടുവന്ന് നനയ്ക്കും. അമരയ്ക്കു് പന്തലിട്ടുകൊടുക്കും. അങ്ങിനെ ഒരായിരം കാര്യങ്ങൾ.

തിരിച്ചുപോകുമ്പോൾ അവൾ ചോദിക്കും, 'അച്ഛൻ എന്തിനാണ് ഇതൊക്കെ ചെയ്യുന്നതു?'

'അതുകൊണ്ടെന്താ മോളെ. അച്ഛന് അതൊക്കെ ഇഷ്ടാണ്.'

അച്ഛന് കൃഷിപ്പണി ഇഷ്ടമാണെന്നവൾക്കറിയാം. പിന്നെ കറേകഴിഞ്ഞേ അവൾക്ക് മനസ്സിലായുള്ളൂ അച്ഛൻ ഭാഗവതർക്ക് ഫീസൊന്നും കൊടുത്തിരുന്നില്ലെന്ന്. ഫീസു കൊടുക്കാനുള്ള കഴിവുണ്ടായിരുന്നില്ല അച്ഛന്ന്. പക്ഷേ, അതിനുപകരമായി ഇതൊന്നും ചെയ്യേണ്ടെന്ന് ഭാഗവതർ പറഞ്ഞിരുന്നവത്രേ. അപ്പോൾ അച്ഛൻ പറയും, 'പിന്നെ ഈ രണ്ടു മണിക്കൂർ നേരം ഞാനെന്താ ചെയ്യുക?'

ഇപ്പോൾ ആലോചിക്കുമ്പോൾ അവൾക്ക് അദ്ഭുതം തോന്നുന്നു. അതെല്ലാം തന്റെ ജീവിതത്തിൽ തന്നെന്നു സംഭവിച്ചതാണോ, അല്ലാ താൻ മുജ്ജന്മം സ്വപ്നം കാണുകയായിരുന്നോ? എല്ലാം വളരെ അകലെയെന്നപോലെ. പച്ചപിടിച്ച വയലുകൾക്കിടയിലൂടെ നടക്കുമ്പോൾ വരമ്പിന്നിരവശങ്ങളുള്ള പൂല്ലുകളിൽ തങ്ങിനിന്ന മഞ്ഞുതുള്ളികൾ നഗ്നമായ കാലടികളെ നനച്ചുകൊണ്ടിരുന്നതു്, ഭാഗവതരുടെ വീട്ടുപടി കടന്നാൽ വരുന്ന മാമ്പവിന്റെ മണം, പറമ്പിൽ വീണുകിടക്കുന്ന കരിയിലകൾ, ഒന്നും ഈ ജന്മത്തിലേതാവാൻ വയ്യ. അച്ഛൻ മരിച്ചിട്ട് എട്ടു കൊല്ലമായി. നാരായണഭാഗവതരും മരിച്ചുപോയിരുന്നു. അച്ഛൻ അന്ന് തന്നെ ഭാഗവതരുടെ അടുക്കൽ കൊണ്ടുപോയതുകൊണ്ട് തനിക്കിന്നൊരു കാരിയറുണ്ട്. പക്ഷേ, അച്ഛൻ ജീവിച്ചിരിക്കുന്നുണ്ടെങ്കിൽ താനിന്ന ചെയ്യുന്നതു് അച്ഛനിഷ്ടമാകുമായിരുന്നോ? ഈ നിലക്കെത്താൻ താൻ അച്ഛനിൽനിന്നെന്തുദ്ദരം സങ്ങരിച്ചു?

കാമറകൾക്കു മുമ്പിൽ ആദ്യമായി നിന്ന രംഗം അവൾ ഓർത്തു. ദേഹത്തിൽ ഒരുമാതിരി വസ്ത്രങ്ങളൊക്കെ ഉണ്ടായിരുന്നു, എന്നിട്ടും അതിശക്തമായ വെളിച്ചത്തിൽ ഇറിച്ചുനോക്കുന്ന നിരവധി കണ്ണുകൾക്കുമുമ്പിൽ അവൾ നഗ്നയാക്കപ്പെട്ടപോലെ തോന്നി. ആദ്യത്തെ ദിവസത്തെ വസ്ത്രം വലിയ കഴപ്പുമുണ്ടായിരുന്നില്ല. മിഡിയും ടോപ്പും. മിഡിയുടെ ഒരു വശം ഇറന്നതായിത്തന്നെവന്നെ മാത്രമേ കഴപ്പുമുണ്ടായിരുന്നുള്ളൂ. ടോണിക്കറിയാമായിരുന്നു തന്റെ വിഷമങ്ങൾ, അതുകൊണ്ട് അയാൾ ക്ഷമയോടെ തന്റെ ഒപ്പം നിന്നു. ഓരോ ചുവടിലും പ്രോത്സാഹിപ്പിച്ചുകൊണ്ട്. ടോണിയുള്ളതുകൊണ്ട് മറ്റുള്ളവരുടെ അനാവശ്യമായ ഇടപെടലുകൾ ഉണ്ടായില്ല. തീരെയുണ്ടായില്ല എന്നു പറയാൻ വയ്യ. കൊറിയോഗ്രാഫർ അയാളുടെ പങ്ക് മുതലാക്കുകതന്നെ ചെയ്തു.

വിവസ്ത്രയായല്ല് പടിപടിയായിട്ടാണ്. രണ്ടാമത്തെ ദിവസം മിഡി ടോപ്പി. ടോപ്പും, താഴെ അയഞ്ഞ പക്ഷേ, കറിയ ഒരു ടൌസറും മാത്രം. പിറ്റേന്ന് അയഞ്ഞ ടൌസർ വളരെ കടുങ്ങിയ ഒരു ഷെഡ്ഡിക്കു വഴിമാറി, ഉച്ചതിരിയുമ്പോഴേയ്ക്കു് ടോപ്പും യാത്രപറഞ്ഞുപോയി.

മൂന്നു ദിവസങ്ങൾക്കുള്ളിൽ അവൾ വളരെ ദൂരം യാത്ര ചെയ്തു. നാട്ടിൻപുറത്തു വളർന്ന, അച്ഛന്റെ കൈപിടിച്ച് സംഗീതം പഠിക്കാൻ നെൽവയലുകൾക്കിടയിലൂടെ നടന്നുപോയ പാവാടയിട്ട പെൺകുട്ടിയിൽനിന്ന് വളരെ ദൂരം. അച്ഛനാണ് സമാചാരത്തെപ്പറ്റി അവളോട്ട് പറയാറ്. ഒരു പെൺകുട്ടി എങ്ങിനെ ഒതുങ്ങി നടക്കണം, ഇരിക്കണം, സംസാരിക്കണം എന്നെല്ലാം. ഇരിക്കുമ്പോൾ മുഴുപ്പാവാട അല്പം തെറ്റി കണങ്കാൽ കണ്ടാൽ അച്ഛൻ പറയും. 'മോളേ, ശ്രദ്ധിച്ചിരിക്ക.'

ആ പെൺകുട്ടി ഇന്ന്...

അവൾ ഉറങ്ങാൻ ശ്രമിച്ചു. ഇങ്ങിനെ പോയാൽ രാത്രി ഉറക്കമുണ്ടാവില്ല. രാവിലെ ചീർത്ത മുഖവുമായി ഷൂട്ടിങ്ങിന ഹാജരാകേണ്ടിവരും. രണ്ടു പെൺകുട്ടികളും ഉറക്കമായിത്തന്നു. അവർക്ക് എന്തുകൊണ്ടോ രാജേന്ദ്രനെ ഓർത്തു. ടോണിയുമായുള്ള കോൺട്രാക്ടിനെപ്പറ്റി പറഞ്ഞപ്പോൾ അയാൾക്കതിഷ്ടപ്പെട്ടില്ല.

'രമ്യക്ക് ഇപ്പോഴുള്ള വിജയംകൊണ്ടൊന്നും തൃപ്തിയില്ലേ? മൂന്ന കാസറ്റുകൾ ഇറക്കി. അതിൽ രണ്ടെണ്ണത്തിന്റെ സിഡിയും ഇറക്കി. മൂന്നും ഒരുമാതിരി നന്നായി പോകുന്നുണ്ട്. പിന്നെ ഇപ്പോൾ സിനിമയിൽ പാടാനും അവസരം കിട്ടി. ഇത്രകാലമായിട്ടും എനിക്ക് കിട്ടാതിരുന്ന അവസരമാണ് രമ്യയെത്തേടി വന്നത്. ആ പാട്ടുകളും നന്നായിരുന്നു. അതുകൊണ്ട് സിനിമയിൽ ഇനിയും അവസരം കിട്ടും. അതൊക്കെ പോരെ, എന്തിനാണ് വിഡിയോ എടുക്കാൻ ശ്രമിക്കുന്നതു?'

രാജേന്ദ്രനും താനും ഒരേ സമയത്താണ് ട്രാക്കുപാടാൻ തുടങ്ങിയത്. ട്രാക്കുപാടാൻ പെൺകുട്ടികൾ അധികമില്ലാത്തതിനാൽ അവൾക്ക് ധാരാളം ഓഫറുകളുണ്ടായി. ഒരു ദുഃഖചനയുണ്ടായി. ഈ കാസറ്റ് ലാഭം തന്നില്ലെങ്കിൽമുടി അടുത്ത കാസറ്റുകൾ ലാഭം കൊയ്യും. അതുകൊണ്ട് രമ്യ കറച്ചുകൂടി സഹകരിക്കണം. വിഷമമാണെന്ന് അറിഞ്ഞുകൊണ്ടുതന്നെയാണ് പറയുന്നതു്.

'കഷ്ടിച്ച് അര മിനറ്റിന്റെ ഷോട്ടേ ഈ ഡ്രസ്സിൽ വേണ്ടു.' ടോണി പറഞ്ഞു. 'ആൾക്കാർ ശ്രദ്ധിക്കുമ്പോഴേയ്ക്കു് ഷോട്ടു മാറിയിട്ടുണ്ടാവും. വേല്പസ്വാമിയെ ഞാൻ നിയന്ത്രിച്ചുകൊള്ളാം. ഇനിമുതൽ സ്റ്റൈപ്പുകൾ പുറമെനിന്നുകൊണ്ട് കാണിച്ചുകൊടുത്താൽ മതിയെന്ന് പറയാം. ഇപ്പോൾ ഒരുമാതിരി പ്രാകൃതിയായില്ലേ? പിന്നെ രമ്യക്ക് ബുദ്ധിമുട്ടാനുമുണ്ടാവില്ല.'

ഈ കാസറ്റിൽ മാത്രമേ രമ്യയെ നിർബ്ബന്ധിക്കാനാവൂഎന്ന് ടോണിക്കറിയാം. അടുത്ത കാസറ്റിൽ രമ്യക്ക് കൂടുതൽ ശബ്ദമുണ്ടാവും. അവൾക്കിഷ്ടപ്പെട്ടാലെ ഒരു കാര്യം ചെയ്യലുണ്ടാവൂ. ആദ്യത്തെ കാസറ്റ് അങ്ങിനെയല്ല. വിജയിക്കുമോ എന്ന ഭയം മുകളിൽ തൂങ്ങിനിൽക്കുമ്പോൾ വളരെയധികമൊന്നും സ്വാതന്ത്ര്യം ഒരാൾ എടുക്കില്ല.

വൈകുന്നേരം സ്റ്റുഡിയോവിലെ സ്ക്രീനിൽ റഷസ് കണ്ടപ്പോൾ അവൾക്ക് വിഷമമായി. ഒരു പരിധി വരെ നഗ്നതയാവാമെന്നങ്ങനെയിരുന്നു അവൾക്ക്. പക്ഷേ, ഇന്നത്തേതു് വളരെയധികം അതിരു കടന്നുപോയി. കാമറാമാൻ ശരിക്കും മുതലെടുത്തിട്ടുണ്ട്.

ഹോസ്റ്റലിൽ തന്റെ പഴയ മുറിയിലേയ്ക്ക് തിരിച്ചെത്തിയപ്പോൾ രാത്രി ഏഴുമണിവരെ, ചായക്കും ഉച്ചഭക്ഷണത്തിനുമുള്ള കറച്ച സമയമൊഴികെ ഷൂട്ടിങ്ങാണ്. മൂന്നാമത്തെ പാട്ട് കഴിയാറായി. ഇനിയും അഞ്ചു പാട്ടുകൾകൂടിയുണ്ട്. അതുകഴിഞ്ഞാൽ പബ്ലിസിറ്റിയ്ക്കുവേണ്ടിയുള്ള ഇന്റർവ്യൂകൾ. ഇന്റർവ്യൂകൾ പാട്ടുകളുടെ ഷൂട്ടിങ്ങിനിടയിലും നടക്കാനുണ്ട്. ചോദ്യങ്ങൾ കാള്ള ഉത്തരം ടോണിയുടെ പബ്ലിസിറ്റി ഓഫീസർ വിനോദാണ് തയ്യാറാക്കുന്നത്. മുമ്പിലുള്ള മോണിറ്ററിൽനോക്കി അതു പറയുകയേ വേണ്ടു. എല്ലാം വളരെ കണിശമായി, ഭംഗിയായി ഏർപ്പാടു ചെയ്തിരിക്കുന്നു. ഒരു വിഡിയോതരത്തെ സൃഷ്ടിക്കുകയാണ് ടോണി ചെയ്യുന്നതു്. വലിയ ഒച്ചപ്പാടോടെ, ശ്രദ്ധിക്കപ്പെടാൻ മാത്രം വർണശബളമായി.

രാത്രി ഉറങ്ങാൻ കിടക്കുമ്പോൾ അവൾ ആലോചിക്കുന്നു. ഇതൊക്കെ ശരിക്കും ഉള്ളതാണോ. ഒരു മാസം മുമ്പവരെ അവൾ വെറുമൊരു പാട്ടുകാരിയായിരുന്നു. ഗാനമേളകൾക്കും സ്റ്റുഡിയോവിലെ റിക്കാർഡിങ് സെഷനുകൾക്കുമിടയിൽ പരിമിതമായ വിജയത്തിന്റെ ചെററിയിൽ മയങ്ങിക്കിടന്ന ഒരു ഗായിക. ഇന്നിതാ താനൊരു വീഡിയോതാരമാകാൻ പോകുന്നു. ഒരു മാസത്തിനുള്ളിൽ തന്റെ ആദ്യത്തെ വീഡിയോ കാസറ്റ് പുറത്തിറങ്ങും. അടുത്ത ആഴ്ചതൽ അതിന്റെ പബ്ലിസിറ്റിയും തുടങ്ങും. ചാനലുകളിൽ ഇന്റർവ്യൂ, മാസികകളിൽ ഇന്റർവ്യൂവും റിപ്പോർട്ടുകളും. വർത്തമാനപത്രങ്ങളിൽ വാർത്തകൾ. കാസറ്റ് പുറത്തിറങ്ങുമ്പോഴേയ്ക്കു് രമ്യയെന്ന വീഡിയോതാരം ഒരു ഹരമായിമാറിയിട്ടുണ്ടാവും.

നർത്തകികളിൽ രണ്ടുപേർ അടുത്തുള്ള കട്ടിലിൽ കിടക്കുകയാണ്. അവർ ദൂരെനിന്ന വരുന്നവരാണ്. മറ്റു നാലുപേർ ഷൂട്ടിങ് കഴിഞ്ഞാൽ അവരവരുടെ വീട്ടിലേയ്ക്കു പോകും. കറേപേരെ ഇന്റർവ്യൂ കഴിച്ചശേഷമാണ് ഈ ആറു പേരെ തെരഞ്ഞെടുത്തത്. ഒരു വലിയ ഭാഗ്യമായിട്ടാണ് അവരതു കരുതുന്നത്. വീഡിയോവിൽ മുഖം കാണിക്കുന്നതുതന്നെ വലിയൊരു ഭാഗ്യമാണ്. പക്ഷേ, അവരുടെ മുഖം കാണുന്നില്ലെന്നാണ് സങ്കടം. ഊന്നൽ അവരുടെ നഗ്നദേഹത്തിനാണ്. രമ്യക്കവരോട് അനുകമ തോന്നി. നല്ല പെൺകുട്ടികൾ. നല്ല ദേഹം. തന്നെക്കാൾ ഭംഗിയുണ്ടവർക്ക്. തന്നേക്കാൾ നന്നായി നൃത്തം ചെയ്യുന്നുണ്ട്. പക്ഷേ, അവർ പിന്നിലേ വരുന്നുള്ളൂ.

'ചേച്ചീടെ പാട്ടുകള് നല്ല രസംണ്ട് കേൾക്കാൻ.' ദീപ പറഞ്ഞു. അവൾ രാധികയെ കെട്ടിപ്പിടിച്ചുകൊണ്ട് കിടക്കുകയാണ്. രാത്രിമുഴുവനും അങ്ങിനെയാണ് കിടക്കുക. ആദ്യത്തെ ദിവസം കിടക്കാൻ നേരത്ത് ദീപയാണ് പറഞ്ഞത്. 'ചേച്ചി ആ കട്ടിലിൽ കിടന്നാകൊള്ളൂ. ഞങ്ങൾ രണ്ടുപേരംകൂടി ഈ കട്ടിലിൽ കിടക്കാം.' അതിൽ ബഹുമാനമുണ്ടായിരുന്നു, അംഗീകാരവും. തങ്ങളേക്കാൾ വലിയ ഒരാൾ എന്ന അംഗീകാരം. കട്ടിലുകൾ അടുപ്പിച്ചിട്ട് മൂന്നുപേർക്കും ഒപ്പം കിടക്കാമെന്നു പറയാമായിരുന്നു. പക്ഷേ, അവരുടെ അത്രതന്നെ പ്രായമായിട്ടേയുള്ളവരെങ്കിലും താൻ വ്യത്യസ്തയാണെന്ന ബോധം, അവർ സ്വയം അംഗീകരിച്ചതന്ന ഉയരം അവളെ അതിൽനിന്നും തുടക്കി. ഇടയ്ക്ക് ഉണരുമ്പോൾ രമ്യ അവർ കിടക്കുന്നതു നോക്കാറുണ്ട്, അവരുടെ അടുത്തുചെന്ന് അവർ കിടക്കുന്നതുപോലെ കെട്ടിപ്പിടിച്ച് കിടക്കാൻ കൊതിയോടെ; തനിക്കൊരിക്കലും അതു ചെയ്യാൻ കഴിയില്ലെന്ന അറിവോടെ. താൻ അവരിൽനിന്നെല്ലാം ഉയർന്നിട്ടാണെന്ന അറിവ് ഉട്ടംതോറും അവൾ കൂടുതൽ ഏകാകിയാവുകയായിരുന്നു, ദുഃഖിതയും.

'ഇന്നത്തെ പാട്ട് നല്ല രസംണ്ടായിരുന്നു.' രാധികയും പറഞ്ഞു.

ഇപ്പോൾ ചിത്രികരണം നടത്തുന്ന പാട്ടുകളെപ്പറ്റിയാണ് അവർ പറയുന്നതു്. മുമ്പിറക്കിയ ലയാത്മകമായ ഗാനങ്ങൾ അവർ കേട്ടിട്ടില്ല. ഒരെണ്ണം ഗ്രമവായുപ്പെന്ന് സ്വതിയാണ്, ഒരെണ്ണം കുസ്വീയത്തിഗാനമുണ്ട്. മൂന്നാമത്തേത് ലളിതഗാനങ്ങളാണ്. ആ ഗാനങ്ങളിൽ കവിതയുണ്ട്. പാട്ടുമ്പോൾ നമുക്കമുമിൽ ബിംബങ്ങൾ വന്ന് നൃത്തം ചെയ്യുന്നു. ഇപ്പോൾ ചിത്രീകരിക്കുന്ന പാട്ടുകൾ വെറും അനുകരണങ്ങൾ മാത്രമാണ്. അതിൽ കവിതയില്ല, ബിംബങ്ങളില്ല, വെറും വാക്കുകൾ മാത്രം, ക

ഇ. ഹരികുമാർ



1943 ജൂലൈ 13-ന് പൊന്നാനിയിൽ ജനനം. അച്ഛൻ മഹാകവി ഇടശ്ശേരി ഗോവിന്ദൻ നായർ. അമ്മ ഇടക്കണ്ടി ജാനകി അമ്മ. കൽക്കത്തയിൽ വച്ച് ബി. എ. പാസ്സായി. 1972-ൽ ലളിതയെ വിവാഹം ചെയ്തു. മകൻ അജയ് വിവാഹിതനാണ് (ഭാര്യ: ശുഭ). കൽക്കത്ത, ദില്ലി, ബോംബെ എന്നീ നഗരങ്ങളിൽ ജോലിയെടുത്തു. 1983-ൽ കേരളത്തിലേയ്ക്ക് തിരിച്ചു വന്നു. 1962 തൊട്ട് ചെറുകഥകളെഴുതി തുടങ്ങി. ആദ്യത്തെ കഥാസമാഹാരം 'കൂറകൾ' 72-ൽ പ്രസിദ്ധപ്പെടുത്തി. പതിനഞ്ചു കഥാസമാഹാരങ്ങളും ഒമ്പത് നോവലുകളും ഒരു അനുഭവക്കുറിപ്പും പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്.

പുരസ്കാരങ്ങൾ

- 1988-ലെ കേരള സാഹിത്യ അക്കാദമി പുരസ്കാരം 'ദി നോസറിന്റെ കുട്ടി' എന്ന കഥാസമാഹാരത്തിന്.
- 1997-ലെ പത്മരാജൻ പുരസ്കാരം 'പച്ചപ്പയ്യിനെ പിടിക്കാൻ' എന്ന കഥയ്ക്ക്.
- 1998-ലെ നാലപ്പാടൻ പുരസ്കാരം 'സൂക്ഷിച്ചുവച്ച മയിൽപ്പീലി' എന്ന കഥാസമാഹാരത്തിന്.
- 2006-ലെ കഥാപീഠം പുരസ്കാരം 'അനിതയുടെ വീട്' എന്ന കഥാസമാഹാരത്തിന്.
- 2012-ലെ ഏറ്റവും മികച്ച കഥയ്ക്കുള്ള കേരള സ്റ്റേറ്റ് ചലച്ചിത്ര അക്കാദമി അവാർഡ് 'ശ്രീപാർവ്വതിയുടെ പാദം' എന്ന കഥയ്ക്ക്.

ആഡിയോ റിക്കാർഡിങ്, വെബ് ഡിസൈനിങ്, മൾട്ടിമീഡിയ പ്രൊഡക്ഷൻ, പുസ്തകപ്രസിദ്ധീകരണം എന്നിവയിൽ ഏർപ്പെട്ടിട്ടുണ്ട്. 1998 മുതൽ 2004 വരെ കേരള സാഹിത്യ അക്കാദമി അംഗമായിരുന്നു.

പിൻകുറിപ്പ്

- മുപ്പതു മുതൽ നാല്പതു മിനിട്ടിനകം വായിച്ചു തീർക്കാവുന്ന ഉള്ളടക്കമാണ് സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകളിൽ ഉള്ളത്. ഇതു വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക്ടോപ് ആപ്ലിക്കേഷനുകളൊ ആവശ്യമില്ല.
- ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണ ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നത്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണ് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണ്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണ് ഇവയിൽ ഏറ്റവും മുന്തിയത്. അതുകൊണ്ട് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.
- സ്വതന്ത്രപ്രസാധനം ആഗ്രഹിക്കുന്ന/ഇഷ്ടപ്പെടുന്ന ആർക്കുവേണമെങ്കിലും സായാഹ്നയിലൂടെ സ്വന്തം കൃതികൾ പ്രസാധനം ചെയ്യാവുന്നതാണ്. 30 മുതൽ 60 മിനിട്ടുകൾക്കകം വായിച്ചുതീർക്കാവുന്ന ഉള്ളടക്കം – കഥകൾ, അനുഭവക്കുറിപ്പുകൾ, ലേഖനങ്ങൾ, അഭിമുഖങ്ങൾ, സിനിമാനിരൂപണങ്ങൾ, കവിതകൾ – എന്നു തുടങ്ങി എന്തുവേണമെങ്കിലും അയയ്ക്കാവുന്നതാണ്. അയയ്ക്കേണ്ട വിലാസം: <editors@sayahna.org>.
- പ്രതികരണങ്ങൾ <editors@sayahna.org> എന്ന ഇമെയിലിലേയ്ക്കോ, ഈ വെബ് പേജിൽ കമ്മന്റുകളായോ ചേർക്കുക. നിർദ്ദേശങ്ങളും വിമർശനങ്ങളും എപ്പോഴും സ്വീകാര്യമാണ്. അവ സായാഹ്നപ്രവർത്തകർക്ക് കൂടുതൽ ഉത്തേജനം നൽകുന്നതാണ്.

സായാഹ്ന ഫൗണ്ടേഷൻ, റിവർ വാലി ക്യാംപസ്, മലയിൻകീഴ്, തിരുവനന്തപുരം, ഇന്ത്യ 695571
URL: <books.sayahna.org>